# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം പി15-1491/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/09/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസി.ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ.കെറ്റിഎം പി15-1491/2023 തീയ്യതി: 15/09/2023

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു. സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സുനിത എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. രാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷാജി. എം. ഇ | സെക്രട്ടറി | 01-04-2022 | 04-07-2022 |
| ഷാജി ജേക്കബ് | സെക്രട്ടറി | 05-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിതിൻ ബോസ്. കെ. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| യമുന. കെ | സി.ഡി.പി.ഒ | 01-04-2022 | 25-12-2022 |
| സിന്ധു. കെ. പി | സി.ഡി.പി.ഒ | 26-12-2022 | 31-03-2023 |
| പ്രേംകുമാർ. എൻ. .എം | എസ് .സി. ഡി. ഒ | 01-04-2022 | 31-03-2023 |
| ഡോ.അനീന സൂസൻ സക്കറിയ | കൃഷി അസി. ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ. സിജി വർഗീസ് | മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) | 01-04-2022 | 31-03-2023 |
| ആഷാ. ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-06-2022 |
| രാജി. എസ്. മണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-06-2022 | 22-11-2022 |
| ജയകുമാരി. പി. ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-11-2022 | 31-03-2023 |
| സെബാസ്റ്റ്യൻ ഡൊമിനിക്ക് | വ്യവസായ വികസന ഓഫിസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | മുൻക്കൂർ വിവരം അക്കൗണ്ട് ചെയ്യതതിൽ അപാകത | 1-1-5 |
| 7 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ആസ്തികളുടെ മൂല്യശോഷണം- ആധികാരികത വ്യക്തമല്ല | 1-1-9 |
| 11 | ഗ്രാമപഞ്ചായത്ത് വിഹിതമായി തൻവർഷം ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് - വിശകലനം | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | സാമൂഹ്യസുരക്ഷ പെൻഷനുകൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | നിക്ഷേപപ്രവൃത്തികൾ - ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല | 1-11 |
| 21 | ഇ-ടെണ്ടർ ഫോറവില ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 22 | മരച്ചില്ലകൾ വെട്ടി മാറ്റിയത് -ലേലം ചെയ്യുണ്ടതാണ് | 1-13 |
| 23 | വെട്ടിമാറ്റിയ തേക്ക് മരങ്ങളുടെ ലേലം- തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല | 1-14 |
| 24 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-15 |
| 25 | ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 26 | പട്ടികവർഗ കുടുംബങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ്- ക്യാമ്പ് തീയതിയ്ക്ക് ശേഷമുള്ള ചെലവുകൾ ക്രമപ്രകാരമല്ല | 1-17 |
| 27 | വിവിധ നിക്ഷേപപ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 28 | ഭക്ഷ്യസംസ്കരണ യൂണിറ്റ് ഫെസിലിറ്റേഷൻ സെന്റർ - പ്രവർത്തനം ആരംഭിച്ചില്ല | 1-19 |
| 29 | ബാലസൗഹൃദ അങ്കണവാടി - നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി | 1-20 |
| 30 | വികസന ഫണ്ട് നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി | 1-21 |
| 31 | പെട്ടിയും പറയും പദ്ധതി - നാളിതുവരെ പാടശേഖരത്തിൽ സ്ഥാപിച്ചിട്ടില്ല | 1-22 |
| 32 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഗുണഭോക്തൃവിഹിത ഇനത്തിലുള്ള തുകയുടെ വിനിമയ വിവരങ്ങൾ വ്യക്തമല്ല | 1-23 |
| 33 | പെട്ടിയും പറയും - മോട്ടോറും അനുബന്ധ സാമഗ്രികളും ഉപേക്ഷിക്കപ്പെട്ട നിലയിൽ തുടരുന്നു | 1-24 |
| 34 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-25-1 |
| 35 | മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത | 1-25-2 |
| 36 | ക്ഷീരസാഗരം പദ്ധതി- ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാകാതെ തുക സർക്കാരിലേക്ക് തിരികെ എടുക്കപ്പെട്ടു | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10/07/2023 തീയതിയിലെ 3(1) തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-2 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത

31/03/2023 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് ഉൾപ്പെടെ തയ്യാറാക്കി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ജനറൽ ഫണ്ട് കണക്കാക്കിയ ഡാറ്റാ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൃത്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ്, മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.

1-1-4 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 31/03/2023 തീയതിയിലെ ബാലൻസ് ഷീറ്റ് B-18 ലെ മുൻകൂർ തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല.

1-1-5 മുൻകൂർ വിവരം അക്കൗണ്ട് ചെയ്തതിൽ അപാകത

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല. മുൻകൂർ വിവരം, തിരിച്ചടവ് തുടങ്ങിയവ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ കൃത്യമായ വിവരം പ്രതിഫലിക്കുന്നില്ല.

1-1-6 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല.

1-1-7 Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല

169912/- രൂപ (ഷെഡ്യൂൾ I-18) Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 350800299- Other Liabilities ശീർഷകത്തിലെ 217,962/- രൂപ ബാധ്യത നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിന്റെ വിശദാംശമില്ല.

1-1-9 ആസ്തികളുടെ മൂല്യശോഷണം- ആധികാരികത വ്യക്തമല്ല

I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

1-1-10 ഗ്രാമപഞ്ചായത്ത് വിഹിതമായി തൻവർഷം ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിവിധ ഗ്രാമപഞ്ചായത്ത് വിഹിതം വാർഷിക ധനകാര്യപത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ് - വിശകലനം

2022-2023 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.05.2022 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സംക്ഷിപ്തം |
|---|---|
| മുന്നിരിപ്പ് | 5600000 |
| വരവ് | 289631000 |
| ആകെ | 295231000 |
| ചെലവ് | 282289000 |
| നീക്കിയിരിപ്പ് | 12942000 |

തൻവർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 28.96 കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 6.42കോടി രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 28.22 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 6.44 കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിപുലമായ തയ്യാറെടുപ്പുകളോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിനും വിഭവസമാഹരണത്തിനുമുള്ള ശാസ്ത്രീയമായ ഒരു ഉപകരണം (Tool) എന്ന രീതിയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനുമാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

പ്രതീക്ഷിത വരവ് ചെലവുകളും മുൻവർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്തുന്നതിനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനമെന്ന നിലയിൽ, ബജറ്റ് കൂടുതൽ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 5161395 |
| ഓഡിറ്റ് വർഷത്തെ വരവ് | 70218372 |
| ആകെ | 75379767 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 73120972 |
| നീക്കിയിരിപ്പ് | 2258795 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 64,252,558 |
| ആകെ ചെലവ് | 64,459,491 |
| പ്രവർത്തന നഷ്ടം (Deficit) | (206,933) |

| | |
|---|---|
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 169,912 |
| അറ്റ പ്രവർത്തന നഷ്ടം | (376,845) |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,751,328 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23676000 | 23676000 | 21019020 | 2656980 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12521000 | 12521000 | 12035527 | 485473 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 87000 | 87000 | 87000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6623000 | 6623000 | 6561483 | 61517 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ACR പ്രകാരം) | 95420 | 4041019 | 4136439 | 3390198 | 929741 |
| | (Bank 95420 | 3817000 | 3912420 | 3166198 | 746222 + 183519 (Bank Interest) |
| | Try | 224019 (ക്യാരി ഓവർ വിഹിതം) | 224019 | 224000 | 19 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 2774000 | 6865418 | 9639418 | 9395232 | 71864 |
| | (Bank 2774000 | 5726000 | 8500000 | 8481282 | 18718 + 53146 (Bank Interest) |
| | Try | 1139418 (ക്യാരി ഓവർ | 1139418 | 913950 | 225468 ) |

| | | | | | |
|---|---|---|---|---|---|
| | | വിഹിതം) | | | |
| ജില്ലാപഞ്ചായത്ത് വിഹിതം | | 2058000 | | 2058000 | |
| ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സംയോജിത പദ്ധതികൾക്ക് ലഭിച്ച തുക | | 910000 | | 1120000 | |

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സംയോജിത പദ്ധതികൾക്ക് ലഭിച്ച തുക വാർഷികകണക്ക് പ്രകാരം 910000/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 1120000/- രൂപയാണ്.

## 1-5 പദ്ധതി അവലോകനം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 27-02-2023ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ I.(1).-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 01-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 20 സ്പിൽഓവർ പ്രോജക്ടുകളും 115 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 135 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,18,77,736/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 16-05-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 18-05-2022 |
| ബ്ലോക്ക് ഗ്രാമസഭ | 25-05-2022 |
| വികസനസെമിനാർ | 07-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 03-03-2023 |

### പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 135 പ്രോജക്ടുകളിൽ 112 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 5,71,56,313/- രൂപയാണ്. ചെലവ് 70%. പിഎംഎവൈ ഭവനപദ്ധതിയ്ക്കായി കേന്ദ്രവിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നും യഥാർത്ഥത്തിൽ ചെലവഴിച്ച തുകകൾ സുലേഖചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താൻ സാധിക്കാതെ വന്നത് ആകെ ചെലവു ശതമാനം കുറയുന്നതിനിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| പിഎംഎവൈ -ജനറൽ പ്രോജക്റ്റ് നം. 48/2023 &24/2023 | സുലേഖ പത്രിക പ്രകാരം ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 5,60,000 | 6,30,000 |
| കേന്ദ്രവിഹിതം | 0 | 4,08,000 |

| പിഎംഎവൈ -എസ് സി പ്രോജക്റ്റ് നം.49/2023 &27/2023 | സുലേഖ പത്രിക പ്രകാരം ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 5,60,000 | 9,80,000 |
| കേന്ദ്രവിഹിതം | 0 | 6,24,000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 12,74,000 | 13,72,000 |

യഥാർത്ഥ കണക്കുകളും സുലേഖ ചെലവ് പത്രികയിലെ കണക്കുകളും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 10 | 8 | 4530803 | 3632627 | 80 |
| സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 55 | 39 | 37046776 | 21051128 | 57 |
| മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | 9 | 8 | 3826121 | 3766121 | 98 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 5513025 | 5490500 | 99 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 7 | 7 | 2597297 | 2421439 | 93 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 3555000 | 2655000 | 75 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 6,00,000/- | 6,00,000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 39 | 24208714 | 17539498 | 72 |
| ആകെ | 135 | 112 | 81877736 | 57156313 | 70 |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 57% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/വിഹിതം കൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സഞ്ചിതനിധിയിലേയ്ക്ക് 32 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

ഏതാനും പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി

ബില്ലുകൾ മാറാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്- ജനറൽ | 26,56,980 |
| വികസന ഫണ്ട്- SCP | 4,85,473 |
| മെയിന്റനൻസ് ഗ്രാന്റ് – Non Road | 61,517 |
| ആകെ | 32,03,970 |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ തൊഴിലുറപ്പ് പദ്ധതി ഗ്രാന്റ് വിനിമയം ബ്ലോക്ക് പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ നൽകുന്ന തുക മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

## 1-7 സാമൂഹ്യസുരക്ഷ പെൻഷനുകൾ

ബാധകമല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്സ് |
|---|---|---|---|
| 08.08.2023 @ 03.25 PM | ഇല്ല | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.12.2022<br>07.12.2022 | 2021-2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ | 23-11-2013 | 2008-09 മുതൽ | LBA(HQ) I/I/LBAII/195 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2012-13 വരെ | തീയതി<br>20-11-2013 |

1-11 നിക്ഷേപപ്രവൃത്തികൾ - ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല

എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ തിരുവല്ലയുടെ 21.2.22 ലെ കത്ത് പ്രകാരം ചുവടെ ചേർക്കുന്ന 3 നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്തിരുന്നു

1.തുക്കൊടിത്താനം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -മേച്ചേറി മണിമുറി മുതൽ മേച്ചേരി കോളനി വരെ

2.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-മുളക്കാഞ്ഞുരുത്തി വെച്ചൂത്തറ മഠം മുതൽ പറന്തോട് റോഡ് വരെ

3.മാടപ്പള്ളി പഞ്ചായത്ത് -പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -മണിമുറി മേച്ചേരി കോളനി

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം അവശേഷിച്ചിരുന്ന 409,703/- രൂപ തിരികെ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 288,338/- രൂപ വൗച്ചർനം.109/22-23 പ്രകാരം സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. തിരികെ ലഭിച്ച തുകയിൽ അവശേഷിക്കുന്ന 121365/- രൂപ സർക്കാരിലേക്ക് അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/09.08.2023)ന് ക്രമ നം. 2 പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കിയതായി കാണുന്നില്ല എന്നും ആയതിന് സ്പഷ്ടീകരണം നല്കുന്നതിനായി നിരവധി തവണ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ മറുപടി ലഭിച്ചില്ല എന്നും അറിയിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചതിനു ശേഷം തുടർ നടപടികൾ സ്വീകരിച്ച് അടവാക്കാനവശേഷിക്കുന്ന തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ഇ-ടെണ്ടർ ഫോറവില ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI-യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ബ്ളോക്ക് പഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/09.08.2023) എസ്.ബി.ഐ യിൽ കറന്റ്അക്കൗണ്ട് ആരംഭിക്കുന്നതിനായി 10000 രൂപ ഡെപ്പോസിറ്റ് ചെയ്യേണ്ടതിനാൽ 10.1.21 ലെ കമ്മിറ്റി 10000 രൂപ നല്കുവാൻ തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ തുക കൈമാറിയിട്ടില്ലാത്തതിനാൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്നു മറുപടി നല്കി .

2022-23 വർഷം ബ്ളോക്ക് പഞ്ചായത്തിന് ഇ-ടെൻഡർ ഫീസിനത്തിൽ 123370/- രൂപ വരവുണ്ട്. ഇ-ടെൻഡർ ഫീസിനത്തിലെ വരവ് തനത് വരുമാനമാകയാൽ ഇ-ടെൻഡറിനായി അടിയന്തിരമായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ മുൻ വർഷങ്ങളിലേതുൾപ്പെടെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 മരച്ചില്ലകൾ വെട്ടി മാറ്റിയത് -ലേലം ചെയ്യുണ്ടതാണ്

പഞ്ചായത്ത് കോമ്പൗണ്ടിലെ തേക്കുമരത്തിന്റെ ചില്ലകൾ വെട്ടി മാറ്റുന്നതിനായി വൗച്ചർ നം.89/22-23 പ്രകാരം 19158 രൂപയും മറ്റ് മരച്ചില്ലകൾ വെട്ടിമാറ്റുന്നതിനായി വൗച്ചർ നം.104/22-23 പ്രകാരം 25000 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വെട്ടിമാറ്റിയ ടി തടികൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/9.8.23) ലേല നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് മറുപടി നല്കി. തടികൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വെട്ടിമാറ്റിയ തേക്ക് മരങ്ങളുടെ ലേലം- തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ അപകടകരമായി നിന്ന 7 തേക്ക്, 4 വട്ട എന്നീ മരങ്ങൾ ഗ്രാമവികസനകമ്മീഷണറുടെ 27-10-18, 16-2-19 തീയതികളിലെ 15270/H&T2/2015/CRD ഉത്തരവ് പ്രകാരം ജീവനും സ്വത്തിനും ഭീഷണിയായി നില്ക്കുന്നുണ്ടെങ്കിൽ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകിയിരുന്നു. 3-9-2020ൽ കോട്ടയം സോഷ്യൽഫോറസ്ട്രി ഡിവിഷനിൽ നിന്നും മുറിച്ച് മാറ്റിയ തടികളുടെ വാല്യുവേഷൻ(SF3-454/2020) താഴെ പറയുന്ന രീതിയിൽ ലഭ്യമായത്.

തേക്ക് -282227

വട്ട -3916

വിറക്-3540

21.10.20, 4-11-20 തീയതികളിൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തില്ല. 13-11-20ൽ നടന്ന പുനർലേലത്തിൽ 3പേർ പങ്കെടുത്ത പ്രസ്തുത ലേലത്തിൽ കൂടിയ തുകയായ 71000/-രൂപയ്ക്ക് ലേലം വിളിച്ചയാളുടെ ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയില്ല. 21-5-2021 ന് കോട്ടയം സോഷ്യൽഫോറസ്ട്രി ഡിവിഷനിൽ നിന്നും തടികളുടെ പുനർവാല്യുവേഷനിൽ തേക്കിന്റെ വില 279924/-രൂപയായി നിർണയിക്കുകയും വട്ടമരം ഉപയോഗശൂന്യമായതായി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. 16-7-21ന് നടന്ന ലേലത്തിൽ കൂടിയ തുകയായ 1,22,000/- രൂപയ്ക്ക് ലേലം കൊണ്ട ടോമി തോമസ് എന്നയാളുടെ ലേലം ജനറൽ കമ്മറ്റി അംഗീകരിച്ചിരുന്നു. മുറിച്ചിട്ട തടികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/10-8-23) മറുപടിയായി തുക ഒടുക്കുവാൻ ആവശ്യപ്പെട്ട് ശ്രീ ടോമി ദേവസ്യയ്ക്ക് 1-10-2022 ന് കത്ത് നൽകിയിരുന്നുവെങ്കിലും ടിയാൾ നാളിതുവരെ തുക ഒടുക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ലേലം അംഗീകരിച്ച് ഉറപ്പിച്ച സമയത്ത് തന്നെ കുത്തകക്കാരനെ ക്കൊണ്ട് ലേലത്തുകയുടെ മൂന്നിൽ ഒന്ന് തുക അടപ്പിക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കാതിരുന്നത് മൂലമാണ് കുത്തകക്കാരന് ലേലനടപടികളിൽ നിന്നും പിൻമാറിയത്. ടിയാൾ തുക അടയ്ക്കാത്ത പക്ഷം ടിയാൾ ഒടുക്കിയ നിരതദ്രവ്യം പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതും പുനർലേലം നടത്തി തടിഉരുപ്പടികൾ നീക്കം ചെയ്യാത്തപക്ഷം വരുന്ന നഷ്ടങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് അധികാരികൾ ഉത്തരവാദിയാകുന്നതാണ്.

## 1-15 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കരാർ ജീവനക്കാർക്ക് 2022-23 വർഷം 30 ദിവസത്തെ വീതം ആർജ്ജിതാവധി സറണ്ടർ ചെയ്ത് (തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഡയറക്ടറുടെ 25.3.23 ലെ സി-128/18/പി.എ.യു./കെ.എസ്.ഡി നം. കത്ത് പ്രകാരം) പണമാക്കി അനുവദിച്ചിരുന്നു.

| ജീവനക്കാരൻ | തസ്തിക | അവധി സറണ്ടർ |
|---|---|---|
| മീന സെബാസ്റ്റ്യൻ | അക്രഡിറ്റഡ് എഞ്ചിനീയർ | 15,730/- |
| സജിനി ആർ.എസ്. | അക്കൗണ്ടന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ | 24,040/- |
| ആകെ | | 55500/- |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27/03/2023 ലെ സി-2751/22 നം. നടപടിക്രമം പ്രകാരം 115/2022-23/27.03.2023 നം. വൗച്ചർ മുഖേനയാണ് 55500/- രൂപ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത്. ടി ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്ക്

ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/09.08.2023) മറുപടി ലഭ്യമാക്കിയില്ല. ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിക്കാതെ സറണ്ടർ അനുവദിക്കുന്നതിനാൽ ജീവനക്കാർക്ക് എത്ര അവധി ക്രഡിറ്റിലുണ്ട്, എത്ര അവധി എടുത്തു, എൻക്യാഷ് ചെയ്യപ്പെട്ടവ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-16 ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് റീടാറിംഗ് പ്രവൃത്തിയിൽ (പ്രോജക്ട് നം.5/23) ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വിലയിനത്തിൽ 5339/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രോജക്ടിനായി ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ആയതിനാൽ ബാരൽ വില പ്രോജക്ടിനായി ചെലവഴിച്ച ഫണ്ടിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഷിക കണക്കുകൾ പ്രകാരം 121,242- രൂപ ടിയിനത്തിലെ വരവ് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. ടി തുകയും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-17 പട്ടികവർഗ കുടുംബങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ്- ക്യാമ്പ് തീയതിയ്ക്ക് ശേഷമുള്ള ചെലവുകൾ ക്രമപ്രകാരമല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.128/23-ൽ ഉൾപ്പെടുത്തി 24-01-2023-ൽ പട്ടികവർഗ കുടുംബങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി വികസനഫണ്ട് ടി എസ് പി വിഹിതത്തിൽ നിന്നും 37,000/- രൂപ (ബിൽ നം. 74/24-3-22, 79/28-3-22, 82/31-3-22) ചെലവഴിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റിനായി 17450/- രൂപയുടെ ആദ്യബിൽ പ്രകാരം ഗ്ലൂക്കോവേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 24-1-2023 ന് 4 പാക്കറ്റ് (4x50=200 എണ്ണം) ഗ്ലൂക്കോസ്ട്രിപ്പും, സ്റ്റാൻഡാർഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 180 എണ്ണം Knee Support എന്നിവ വാങ്ങിയിരുന്നു. എസ് ടി വിഭാഗത്തിൽപ്പെട്ട 37 ഗുണഭോക്താക്കൾ പങ്കെടുത്ത പ്രസ്തുത ക്യാമ്പിൽ റിഫ്രഷ്മെന്റ് ഇനത്തിൽ 3500/- രൂപ, ബാനറിനായി 1000/- രൂപ വീതം ചെലവഴിച്ചിരുന്നു.

എന്നാൽ മെഡിക്കൽ ക്യാമ്പിന് ശേഷം രണ്ട് മാസത്തോളം കഴിഞ്ഞ് ഗ്ലൂക്കോവേൾഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം. GB2C /849/22-3-23 ലെ ബിൽ പ്രകാരം 31 പാക്കറ്റ് (31x50=1550എണ്ണം) ഗ്ലൂക്കോസ്ട്രിപ്പ്, 10 പാക്കറ്റ് ഗ്ലൂക്കോമോണിറ്റർ എന്നിവയും 9884/- രൂപ ചെലവഴിച്ച് വാങ്ങിയിരുന്നു. കൂടാതെ വീണ്ടും ഗ്ലൂക്കോവേൾഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം. GB2C/860 /28-3-23 ലെ ബിൽ പ്രകാരം 412 ഗ്ലൂക്കോസ്ട്രിപ്പ്, 5 പാക്കറ്റ് ഗ്ലൂക്കോമോണിറ്റർ എന്നിവയും 8666/- രൂപ ചെലവഴിച്ച് വാങ്ങിയിരുന്നു. 37 ഗുണഭോക്താക്കൾ മാത്രം പങ്കെടുത്ത പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ ഇത്രയധികം ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോസ്ട്രിപ്പ് എന്നിവയുടെ ആവശ്യകത വ്യക്തമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/09.08.2023) മറുപടിയായി പദ്ധതി തുക ഒറ്റ തവണയായി കൊടുക്കാനുള്ള ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ മൂന്ന് തവണകളായി കൊടുക്കേണ്ടി വന്നതിനാലാണ് ഗ്ലൂക്കോവേൾഡ് എന്ന സ്ഥാപനത്തിന്റെ ബില്ലിന്റെ തീയതിയിൽ വ്യത്യാസം വന്നത് എന്ന് അറിയിച്ചിരുന്നു. ടി മറുപടി തൃപ്തികരമല്ല. മെഡിക്കൽ ക്യാമ്പ് നടന്ന് രണ്ട് മാസത്തിന് ശേഷമുള്ള തീയതിയിലെ ബില്ലുകൾ പ്രകാരം വികസനഫണ്ടിൽ നിന്നും തുക മാറി നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ ആവശ്യാധിഷ്ഠിതമല്ലാതെ ഗ്ലൂക്കോ മോണിറ്റർ, ഗ്ലൂക്കോ സ്ട്രിപ്പ് എന്നിവ ടിഎസ്പി ഫണ്ട് വിനിയോഗിച്ച് വാങ്ങിയ നടപടിയും വിശദീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ

അപാകതയുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 18550/- രൂപ തനത് ഫണ്ടിൽ നിന്നോ എച്ച്എംസി ഫണ്ടിൽ നിന്നോ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 വിവിധ നിക്ഷേപപ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം വിവിധ പ്രോജക്ടുകൾപ്രകാരം സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക, ഫണ്ടിനം |
|---|---|---|---|
| 1. | ഭൂജല വകുപ്പ്, കോട്ടയം | 122/23മാടപ്പള്ളി പഞ്ചായത്ത് 3-ാം വാർഡ് കുടിവെള്ള പദ്ധതി | 4,00,000/- CFC (Bill No 31/15-10-22) |
| 2 | | 161/23 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുഴൽക്കിണർ നിർമ്മാണം | 16,35,000/-CFC (Bill No 364/27-3-23) |
| 3 | | 85/23 പായിപ്പാട് പഞ്ചായത്ത് തയ്യാട് എസ് സി കോളനി കുടിവെള്ള പദ്ധതി | 5,00,000/-SCP (Bill No 32/17-10-22) |
| | ആകെ | | 25,35,000 |
| 4 | കെഎസ്ഇബി വാകത്താനം | 88/23വാകത്താനം ഡിവിഷൻ വിവിധ വാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 5,00,000/- വികസന-പൊതു (Bill No 42/11-11-22) |
| 5 | കെഎസ്ഇബി വാകത്താനം | 17/23 വാകത്താനം ഡിവിഷനിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ എസ്റ്റെൻഷൻ | 5,00,000/- CFC (Bill No 72/18-10-22) |
| 6 | കെഎസ്ഇബി വാകത്താനം | 89/23 തോട്ടയ്ക്കാട് ഡിവിഷനിൽ വിവിധ വാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 2,50,000/- വികസന-പൊതു(36/29-10-22) |
| | കെഎസ്ഇബി മീനടം | | 2,50,000/-വികസന-പൊതു(Bill 44/24-11-22) |
| | ആകെ | | 15,00,000 |
| 7 | KWA, തിരുവല്ല | 12/23 പായിപ്പാട് ഗ്രാമപഞ്ചായത്തിലെ | 10,00,000/- CFC (Bill No 73/18-10-22) |

| | | | |
|---|---|---|---|
| | | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | |
| 8 | | 41/23 പായിപ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 3,60,000/- വികസന-പൊതു(Billno 30/15-10-22, 34/15-10-22) |
| 9 | | 126/23 വാഴപ്പള്ളി പഞ്ചായത്ത് തുരുത്തി ഡിവിഷനിൽ വിവിധ വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2,24,000/-CFC (Bill No 37/29-10-22) |
| 10 | | 43/22തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ചെരുവേലിപ്പടി-പൂക്കാട്ടുപടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2,50,000/- വികസന-പൊതു(Billno12/20-08-22) |
| 11 | | 42/23തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ചെമ്പുംപുറം പാലക്കുളം ആശാരിമുക്ക് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 3,80,400/- വികസന-പൊതു (Bill No 26/28-09-22) |
| 12 | | 38/23പായിപ്പാട് ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 5,52,840/- CFC (Bill No 74/21-10-22) |
| | ആകെ | | 2,767,240 |
| ആകെ നിക്ഷേപിച്ച തുക | | | 6,802,240 |

2. ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം വാകത്താനം ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | നൽകിയ തുക, ഫണ്ടിനം |
|---|---|---|
| വാകത്താനം ഗ്രാമപഞ്ചായത്ത് | 124/23 ടേക്ക് എ ബ്രേക്ക് വാകത്താനം പഞ്ചായത്തിന് വിഹിതം നൽകൽ | 124,638/- CFC (Bill No. 369/28-03-23) |

വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/7-8-23) മേൽപറഞ്ഞവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 6,926,878/- (6,802,240 + 124,638) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ഭക്ഷ്യസംസ്കരണ യൂണിറ്റ് ഫെസിലിറ്റേഷൻ സെന്റർ - പ്രവർത്തനം ആരംഭിച്ചില്ല

ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ ഭക്ഷ്യസംസ്കരണയൂണിറ്റ് ഫെസിലിറ്റേഷൻ &ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിനായി താഴെപറയുന്ന രണ്ടു പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കിയിരുന്നു.

| | | |
|---|---|---|
| പ്രൊ.നം | 93/23<br>ഭക്ഷ്യസംസ്കരണയൂണിറ്റ് ഫെസിലിറ്റേഷൻ &ട്രെയിനിങ് സെന്റർ | 162/23<br>ഭക്ഷ്യസംസ്കരണയൂണിറ്റ് അടിസ്ഥാന സൗകര്യമൊരുക്കൽ |
| അടങ്കൽ | 4,95,000/- | 1,05,000/- |
| ചെലവ് | 4,95,000/-<br>(ബിൽ നം.1/28-3-23) | 1,05,000<br>(ബിൽ നം. 2/3, 28-3-23) |

മേൽ പ്രോജക്റ്റുകളുടെ ഭാഗമായി മെ.സെന്റ് തോമസ് എഞ്ചിനീയറിങ് വർക്ക്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഡ്രയർ, പൾവറൈസർ, സ്ലയിസർ, മൈദ മിക്സിങ് മെഷീൻ, കൊപ്രാകട്ടർ ഉൾപ്പെടെയുള്ള മെഷീനറികളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരുന്നു.



വാങ്ങിയ ഉപകരണങ്ങൾ വനിതാക്യാന്റീനായി നിർമ്മാണം നടത്തിയ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മാടപ്പള്ളി ബ്ലോക്ക് വനിതാഭക്ഷ്യസംസ്കരണ വ്യവസായസംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്ത സംഘത്തെയാണ് യൂണിറ്റ് ഏൽപിച്ച് നൽകാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മേൽപറഞ്ഞ രണ്ടു പ്രോജക്റ്റിലുമായി 5,70,500/- രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ 5 മാസത്തിന് ശേഷവും നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. 3 ഫേസ് കണക്ഷൻ, വാട്ടർസപ്ലൈ മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് തന്നെ മെഷീനറികൾ വാങ്ങിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/9-8-23) മറുപടിയായി

2023-24 വർഷം വാങ്ങാനുദ്ദേശിക്കുന്ന മെഷീനുകൾ കൂടി എത്തിയശേഷമായിരിക്കും ഇൻസ്റ്റാൾ ചെയ്യുന്നതെന്നും 3 ഫേസ് വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കി ഒക്ടോബർ മാസത്തോടെ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

2. യൂണിറ്റിന്റെ നടത്തിപ്പിനായി രൂപീകരിച്ച സംഘവുമായി കരാർ വച്ചിരുന്നില്ല. കരട് കരാർ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചിരുന്നുവെങ്കിലും സംഘവുമായി കരാറിലേർപ്പെടാൻ അവശേഷിക്കുന്നു. സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിന് ശേഷം കരാറിലേർപ്പെടുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3. തയ്യാറാക്കുന്ന ഫുഡ്പ്രൊഡക്റ്റുകളുടെ Marketing(വിപണനം) ഉത്തരവാദിത്വം സംഘത്തിനായാണ് വിഭാവനം ചെയ്യുന്നതെന്നും പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള Raw Material, കറണ്ട് ചാർജ്, ഗ്യാസ് കണക്ഷൻ എന്നിവ മൂന്ന് മാസം വരെ ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്നതാണ് എന്നറിയിച്ചു. തയ്യാറാക്കുന്ന പ്രൊഡക്റ്റുകൾക്ക് മികച്ച വിപണി സൗകര്യം ഒരുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ ആയത് പദ്ധതി ലക്ഷ്യത്തെത്തന്നെ ബാധിക്കുന്നതാണ്.

4. 162/23 നമ്പർ പ്രോജക്റ്റിന്റെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നതിന് 46288/- രൂപ കെൽട്രോണിന് നൽകിയിരുന്നു. എന്നാൽ കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. കപ്പയിൽ നിന്നും വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും പരിശീലനവും ലഭ്യമാക്കുന്നതിനുള്ള ഫീസായി 29500/- രൂപ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിന് നൽകിയിരുന്നു. ടി സ്ഥാപനത്തിൽ നിന്നും പരിശീലനം ലഭ്യമായിട്ടില്ല. ആഗസ്റ്റ് മാസം രണ്ട് പേർക്ക് പരിശീലനം നൽകാമെന്ന് ഗവേഷണ കേന്ദ്രത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പരിശീലനം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

6. കൊപ്ര സംസ്കരണവുമായി ബന്ധപ്പെട്ട് ഡ്രയർ, കൊപ്ര കട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. 2023-24 വർഷം വെളിച്ചെണ്ണ ഉത്പാദനത്തിനായുള്ള എക്സ്പെല്ലർ, തുടങ്ങി ഒട്ടേറെ ഉപകരണങ്ങൾ വാങ്ങാൻ ലക്ഷ്യമിടുന്നതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് വലിയ തുക മുടക്കി വാങ്ങുന്ന ഉപകരണങ്ങൾ പ്രവർത്തനസജ്ജമാക്കേണ്ടതിന്റെ ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്തിനാണ്. ഉത്പാദനം, വിപണനം എന്നിവയിൽ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ, ബന്ധപ്പെട്ട മോണിറ്ററിങ്ങ് കമ്മറ്റി എന്നിവർ നിരീക്ഷിക്കേണ്ടതുമാണ്. മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാലും ഭക്ഷ്യസംസ്കരണയൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തതിനാലും ആകെ ചെലവഴിച്ച 600,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സംഘവുമായി കരാർ വച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി മേൽസൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ബാലസൗഹൃദ അങ്കണവാടി - നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള ബാലസൗഹൃദ അങ്കണവാടി എന്ന പദ്ധതിയിൽ, GeM വെബ് പോർട്ടൽ മുഖേന കണ്ടെത്തിയ ആർ. ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നുള്ള സി.ഡി.പി.ഒ.യുടെ നിർദ്ദേശത്തിന്, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗം 2 [3]/09.12.2022 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 64/2022-23 |
| പ്രോജക്റ്റ് | ബാലസൗഹൃദ അങ്കണവാടി |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 7,00,000/-<br>ചെലവ് : 6,99,824/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് |
| ബിൽ നം. | 06/2022-23/14.02.2023 : 23,000/- |
| ആർ. ജെ എന്റർപ്രൈസസ് ഇൻവോയ്സ് നം. | SER00499/2022-23/07.02.2023 : 23,000/- |

പദ്ധതിയുടെ ഭാഗമായി നാല് ക്ലാസ് റൂമുകളുടെ ആർട്ട് വർക്ക്, പെയിന്റിംഗ് വർക്ക് എന്നിവ നിർവ്വഹിച്ചതിൽ ലേബർ വർക്ക് ഇനത്തിൽ ആർ. ജെ എന്റർപ്രൈസസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിന്റെ SER00499/2022-23/07.02.2023 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 23,000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയം ആവശ്യമായി വരുന്ന മരാമത്ത് സ്വഭാവമുള്ള ആർട്ട് വർക്ക്, പെയിന്റിംഗ് വർക്ക് മുതലായ ഇനങ്ങളിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, വാല്യുവേഷൻ, വിവിധ സ്ഥാപനങ്ങളിൽ നിന്നുമുള്ള ക്വട്ടേഷൻ ക്ഷണിച്ച് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിച്ചതായി ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ ആർട്ട് വർക്ക്, പെയിന്റിംഗ് വർക്കുകൾ മുതലായവ നിക്ഷിപ്തമാക്കി നൽകുവാനും, തുക അനുവദിച്ച് നൽകാനുമുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [16/13.08.2023], 2022-23 സാമ്പത്തിക വർഷം തന്നെ പദ്ധതി നിർവ്വഹണം നടത്തണമെന്ന ഭരണസമിതിയുടെ നിർദ്ദേശം ഉണ്ടായിരുന്നതിനാൽ, തിടുക്കപ്പെട്ട് പദ്ധതി നിർവ്വഹണം ഏറ്റെടുത്തപ്പോൾ അറിവില്ലായ്മ മൂലമുണ്ടായ പിഴവാണെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ, അപാകതയുണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-21 വികസന ഫണ്ട് നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി

ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ 2022-23 വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട വിവിധ ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (പ്രോജക്റ്റ് നം.145/2023) ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്, കോട്ടമുറി, നാലുകോടി, പാലമറ്റം, പൊങ്ങന്താനം എന്നീ നാല് ക്ഷീര സഹകരണ സംഘങ്ങൾക്ക് രണ്ട് ലക്ഷം രൂപ പ്രകാരം ആകെ 8 ലക്ഷം രൂപ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ ചെലവഴിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീര സഹകരണസംഘം | ബാങ്ക്/ അക്കൗണ്ട് നമ്പർ | ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായ തീയതി | രജിസ്റ്റർ പ്രകാരം തുക സംഘാംഗങ്ങൾക്ക് നൽകിയ തീയതി | തുക |
|---|---|---|---|---|
| പൊങ്ങന്താനം KUCS | നാലുന്നാക്കൽ SCB, പൊങ്ങന്താനം 223000001986 | 08.02.2023 | 27.07.2023 | 2,00,000/- |

റിവോൾവിംഗ് ഫണ്ട് ഇനത്തിൽ പൊങ്ങന്താനം ക്ഷീര സഹകരണ സംഘത്തിന് 08.02.2023 തീയതിയിൽ തുക ലഭ്യമായെങ്കിലും, സമയബന്ധിതമായി സംഘാംഗങ്ങൾക്ക് തുക വിതരണം ചെയ്യാതെ അഞ്ച് മാസത്തോളം കാലം വികസന ഫണ്ട് നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ നിലനിർത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [17/13.08.2023], ബന്ധപ്പെട്ട ക്ഷീര സഹകരണ സംഘത്തിന് സ്ഥിരം സെക്രട്ടറി ഇല്ലാത്ത സാഹചര്യം ഉണ്ടായതിനാലാണ് വീഴ്ചയ്ക്ക് കാരണമായതെന്ന മറുപടി ലഭ്യമായിട്ടുണ്ട്. വികസന ഫണ്ട് നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയത് ചട്ടപ്രകാരമല്ല. തുടർ വർഷങ്ങളിൽ, അപാകതയുണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-22 പെട്ടിയും പറയും പദ്ധതി - നാളിതുവരെ പാടശേഖരത്തിൽ സ്ഥാപിച്ചിട്ടില്ല

2022-23 വാർഷിക പദ്ധതിയുടെ ഭാഗമായി, വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട തെക്കുംതുരുത്ത് പാടശേഖരത്തിൽ, റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് [RAIDCO KERALA LTD], പെട്ടിയും പറയും ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 144/2022-23 |
| പ്രോജക്റ്റ് | വാഴപ്പള്ളി തെക്കുംതുരുത്ത് പാടശേഖരത്തിന് പെട്ടിയും പറയും പദ്ധതി |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 2,47,500/-<br>ചെലവ് : 2,47,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ [കൃഷി] |
| ബിൽ നം. | 10/2022-23/23.02.2023 : 2,47,500/- |
| RAIDCO ഇൻവോയ്സ് നം. | KTM/1548/22-23/20.02.2023 : 2,47,500/- |

കോട്ടയം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ 82898/22/DPC/DPO /KTM/16.06.2022 നം. നടപടിക്രമം പ്രകാരം, 15 Hp, 30 Hp, 50 Hp പെട്ടിയും പറയും, യഥാക്രമം 2 ലക്ഷം, 2.5 ലക്ഷം, 3 ലക്ഷം എന്ന രീതിയിൽ 2022-23 വർഷത്തേയ്ക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നിർദ്ദേശം നൽകിയിരിക്കുന്നു. എന്നാൽ, DPC നടപടിക്രമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതും ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്തതുമായ 20 Hp യുടെ പെട്ടിയും പറയും പാടശേഖരത്തിൽ സ്ഥാപിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലിൽ ലഭ്യമായിട്ടില്ല.



20 Hp യുടെ പെട്ടിയും പറയ്ക്കുമുള്ള പദ്ധതി അംഗീകാരം നൽകാനും, ആയത് നിർവ്വഹണം നടത്താനുമുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [18/13.08.2023], ബന്ധപ്പെട്ട പാടശേഖരത്തിൽ, 20 Hp മോട്ടോറും, പെട്ടിയും പറയുമാണ് ഉപയോഗിച്ചുകൊണ്ടിരുന്നതെന്നും, മോട്ടോർ ഉപയോഗയോഗ്യമാണെന്നും, പെട്ടിയും പറയും ഉപയോഗശൂന്യമായിരുന്നുവെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. 20 Hp പെട്ടിയും പറയും വാങ്ങുന്നതിനുള്ള നിർദ്ദേശം ടി ഡി.പി.സി ഉത്തരവിൽ ഇല്ലാത്ത സാഹചര്യത്തിൽ, മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യതിയാനം വരുത്തി പ്രത്യേക നിർദ്ദേശത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ കത്തിടപാടുകൾ നടത്തിയതായോ, 20 Hp പെട്ടിയും പറയും വാങ്ങുന്നതിനുള്ള പ്രത്യേക നിർദ്ദേശം ലഭ്യമായതായോ ബന്ധപ്പെട്ട ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. 'Petty, Para & Accessories' എന്ന പ്രകാരം, RAIDCO -യുടെ 2,47,500/- രൂപയുടെ ഇൻവോയ്സ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, 'മോട്ടോർ' ലഭ്യമായതായി 14.08.2023 തീയതിയിലെ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടില്ല. നിലവിൽ, 'പെട്ടിയും പറയും' പാടശേഖരത്തിൽ സ്ഥാപിച്ച് കാർഷിക പ്രവൃത്തികളുടെ ഭാഗമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വികസന ഫണ്ട് - ജനറൽ വിഭാഗത്തിൽ നടത്തിയിട്ടുള്ള 2,47,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും, തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഗുണഭോക്തൃവിഹിത ഇനത്തിലുള്ള തുകയുടെ വിനിമയ വിവരങ്ങൾ വ്യക്തമല്ല

ഗുണഭോക്തൃവിഹിതം കൂടി ഉൾപ്പെട്ട വകയിരുത്തൽ നടത്തിയിട്ടുള്ള പ്രോജക്ടുകളാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ തൻവർഷം നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃവിഹിതം പണമായി പിരിച്ചതിന്റെയും അടവാക്കിയതിന്റെയും ആധികാരിക രേഖകൾ പരിശോധനയ്ക്ക് പൂർണ്ണമായും ലഭ്യമായില്ല. ആയതിനാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ വ്യാപ്തി ഓഡിറ്റിൽ കൃത്യമായി വിലയിരുത്തുവാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി

പദ്ധതി :- 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിൽ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ പഞ്ചായത്ത് വാർഡ് തലത്തിൽ, വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈകളും ജൈവവളവും വിതരണം ചെയ്യുന്നതുവഴി വീട്ടമ്മമാർക്ക് സുരക്ഷിത പച്ചക്കറി കൃഷി ചെയ്യുവാൻ സാധിക്കുന്നു. സുരക്ഷിത പച്ചക്കറി ഉല്പാദനവുമായി ബന്ധപ്പെട്ട് വനിത ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 61/2022-23 |
| പ്രോജക്റ്റ് | 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 5,25,000/-<br>ചെലവ് : 5,25,000/-<br>ഗുണഭോക്തൃവിഹിതം : സ്ഥാപനത്തിൽ അടവാക്കുന്നത് |
| ബിൽ നം. | 02/2022-23 : 120,40/-<br>06/2022-23 : 1,63,000/-<br>08/2022-23 : 70,000/-<br>18/2022-23 : 40,000/-<br>23/2022-23 : 2,22,000/-<br>25/2022-23 : 17,960/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ [കൃഷി] |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് വികസന ഫണ്ട് [ജനറൽ] വിഭാഗത്തിൽ 5,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ അടവാക്കുന്ന ഗുണഭോക്തൃവിഹിതം കളക്ഷനുമായി ബന്ധപ്പെട്ട്, സ്വീകരിച്ച ആകെ ഗുണഭോക്തൃവിഹിതം സംബന്ധിച്ച് വ്യക്തമായിട്ടില്ല. ആയതിനാൽ, ടി പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക നൽകിയിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം, സബ്സിഡി നിരക്ക്, അടവാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം, അടവാക്കിയ ഗുണഭോക്തൃവിഹിതം, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ ബന്ധപ്പെട്ട റസീപ്റ്റ് ഉൾപ്പെടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [19/13.08.2023], വിതരണം പൂർത്തിയാക്കുവാനുള്ളതിനാൽ, 2023-24 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. നാളിതുവരെയുള്ള ഗുണഭോക്തൃവിഹിതം വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പരിശോധനയ്ക്ക് ലഭ്യമാക്കിയ പദ്ധതി ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ തുകകളുടെയും രസീതുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃവിഹിതം ഇനത്തിൽ ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയിട്ടുള്ള തുക | രസീത് നം. /തീയതി |
|---|---|---|
| 1 | 8738 | 122020100015/24.03.2023 |
| 2 | 36112 | 122020100016/29.03.2023 |
| ആകെ | 44,850/- | |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക നൽകിയിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം, സബ്സിഡി നിരക്ക്, ഓഡിറ്റ് വർഷം അടവാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം, അടവാക്കിയ ഗുണഭോക്തൃവിഹിതം, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ ബന്ധപ്പെട്ട റസീപ്റ്റ് ഉൾപ്പെടെ വിവരം ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ട് - ജനറൽ വിഭാഗത്തിലുള്ള 5,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) 'കേരശ്രീ' പദ്ധതി

പദ്ധതി :- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുൾപ്പെട്ട എല്ലാ വീടുകളിലും നാളികേരം ഉല്പാദിപ്പിക്കുക, വനിതകൾക്ക് ആയാസരഹിതമായി നാളികേരം വിളവെടുക്കുന്നതിനായി 'കുള്ളൻ തെങ്ങ്' കൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 'കുള്ളൻ തെങ്ങ്' തൈകൾ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച വനിത ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. VFPCK, Department Farm, KAU, KVK, CPCRI/CDB, അംഗീകൃത നഴ്സറികൾ എന്നിവിടങ്ങളിൽ നിന്നും തൈകൾ വാങ്ങി കൃഷി ഭവൻ വഴി വിതരണം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 59/2022-23 |
| പ്രോജക്റ്റ് | 'കേരശ്രീ' പദ്ധതി |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 4,51,950/-<br>ചെലവ് : 4,51,950/-<br>ഗുണഭോക്തൃവിഹിതം : സ്ഥാപനത്തിൽ അടവാക്കുന്നത് |
| ബിൽ നം. | 05/2022-23 : 47,250/-<br>07/2022-23 : 3,37,500/-<br>09/2022-23 : 8,400/-<br>16/2022-23 : 48,800/-<br>28/2022-23 : 10,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ [കൃഷി] |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് വികസന ഫണ്ട് [ജനറൽ] വിഭാഗത്തിൽ 4,51,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ അടവാക്കുന്ന ഗുണഭോക്തൃവിഹിതം കളക്ഷനുമായി ബന്ധപ്പെട്ട്, സ്വീകരിച്ച ആകെ ഗുണഭോക്തൃവിഹിതം സംബന്ധിച്ച് വ്യക്തമായിട്ടില്ല. ആയതിനാൽ, ടി പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക നൽകിയിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം, സബ്സിഡി നിരക്ക്, അടവാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം, അടവാക്കിയ ഗുണഭോക്തൃവിഹിതം, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ ബന്ധപ്പെട്ട റസീപ്റ്റ് ഉൾപ്പെടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [19/13.08.2023], 12 വാർഡുകളിലെ തെങ്ങിൻ തൈ വിതരണം പൂർത്തിയാക്കുവാനുണ്ടെന്നും, 2023-24 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. നാളിതുവരെയുള്ള ഗുണഭോക്തൃവിഹിതം വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പരിശോധനയ്ക്ക് ലഭ്യമാക്കിയ പദ്ധതി ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ തുകകളുടെയും രസീതുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃവിഹിതം ഇനത്തിൽ ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയിട്ടുള്ള തുക | രസീത് നം. തീയതി |
|---|---|---|
| 1 | 10200 | 12202010008/14.03.2023 |
| 2 | 229000 | 122020100013/17.03.2023 |
| 3 | 5000 | 122020100012/17.03.2023 |
| 4 | 5100 | 122020100014/23.03.2023 |

| | | |
|---|---|---|
| ആകെ | 49,300/- | |
| ഓഡിറ്റ് വർഷത്തിന് ശേഷം ലഭ്യമായത് | | |
| 1) | 28000 | 12030201000003/25.04.2023 |
| 2) | 5250 | 12030201000005/01.06.2023 |
| ആകെ | 33,250/- | |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക നൽകിയിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം, സബ്സിഡി നിരക്ക്, ഓഡിറ്റ് വർഷം അടവാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം, അടവാക്കിയ ഗുണഭോക്തൃവിഹിതം, ബ്ലോക്ക് കാര്യാലയത്തിൽ അടവാക്കിയ ബന്ധപ്പെട്ട റസീപ്റ്റ് ഉൾപ്പെടെ വിവരം ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ട് - ജനറൽ വിഭാഗത്തിലുള്ള 4,51,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-24 പെട്ടിയും പറയും - മോട്ടോറും അനുബന്ധ സാമഗ്രികളും ഉപേക്ഷിക്കപ്പെട്ട നിലയിൽ തുടരുന്നു

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ, 'ഇല്ലം നിറ - വല്ലം നിറ' പദ്ധതിയുടെ ഭാഗമായി [പ്രോജക്ട് നം. 58/2023], 10,00,000/- രൂപ ചെലവഴിച്ച് [വികസന ഫണ്ട് - ജനറൽ] പായിപ്പാട് പൂവത്താർ പാടശേഖരത്തിൽ, RAIDCO KERALA LTD, വെർട്ടിക്കൽ ആക്സ്യൽ ഫ്ലോ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുണ്ട്.



എന്നാൽ, മുൻ വർഷങ്ങളിൽ പാടശേഖരത്തിൽ സ്ഥാപിച്ചിരുന്ന പെട്ടിയും പറയുടെയും മോട്ടോറും അനുബന്ധ സാമഗ്രികളും പമ്പ് ഹൗസിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ തുടരുന്നതായി, 14.08.2023 തീയതിയിലെ സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു. വിഷയം സംബന്ധിച്ച്, അസിസ്റ്റന്റ് ഡയറക്ടർ [കൃഷി] പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-25-1 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 310210/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) ക്യാരി ഓവർ ചെയ്ത് 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താനും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിച്ചില്ല. തൻവർഷം 10750/- രൂപ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തിട്ടുമുണ്ട്. ഡെപ്പോസിറ്റ് വിശദാംശവും അവയുടെ ക്രമീകരണങ്ങളും നിരീക്ഷിക്കുന്നതിനുള്ള രേഖകളൊന്നും ബ്ലോക്ക് പഞ്ചായത്തിലില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ഡെപ്പോസിറ്റുകളുടെ 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയ ശേഷം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിക്ക് വിധേയമായി 2023-24 വർഷം തന്നെ മുതൽക്കൂട്ടേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഒറിജിനൽ രസീത് ഹാജരാക്കാതെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ള ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്നു

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നിക്ഷേപ തുകകൾ ഒറിജിനൽ രസീത് ഹാജരാക്കി ക്യാൻസൽ ചെയ്ത് സൂക്ഷിക്കാതെയും മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കാതെയും റീഫണ്ട് ചെയ്ത് നൽകുന്നതായി കാണുന്നു. 2022-23 വർഷം ഇ.എം.ഡി. തുകയിനത്തിലെ 10750/- രൂപ (വൗച്ചർ നം.91/22-23) ഒറിജിനൽ രസീത് ഹാജരാക്കാതെ റീഫണ്ട് ചെയ്തതായി കാണുന്നു. ഡെപ്പോസിറ്റ് ഇനത്തിൽ നിലവിലുണ്ടായിരുന്ന 10750/- രൂപ മതിയായ രേഖകളുടെ അഭാവത്തിൽ ഒറിജിനൽ രസീത് ഹാജരാക്കാതെ റീഫണ്ട് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/9.8.23) ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീ ഫണ്ട് വിശദാംശം സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ഫയലുകളിൽ ഫയൽ നോട്ട് എഴുതിയുമാണ് തുക റീഫണ്ട് ചെയ്തതെന്ന് മറുപടി നല്കി. ഒറിജിനൽ രസീത് വാങ്ങി തുക റീഫണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ മാത്രം ഡെപ്പോസിറ്റ് സ്വീകരിക്കൽ, റീ ഫണ്ട് ഇടപാടുകൾ എന്നിവ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25-2 മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് 2022-23 വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്തിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2022-23 ധനകാര്യ പത്രിക, വിവിധ പ്രോജക്ട് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ മുൻകൂർ തുക വിനിമയത്തിലെ അപാകതകൾ ചുവടെ വിവരിക്കുന്നു.

2022-23 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ നിക്ഷേപിച്ചിട്ടുണ്ട്

1. കെ.എസ്.ഇ.ബി.- 1784139 രൂപ

2.വാട്ടർഅതോറിറ്റി-- 2767240 രൂപ

3.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്- 2535000 രൂപ

ടി തുകകൾ വാർഷിക ധനകാര്യപത്രികയിൽ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം പ്രസ്തുത നിക്ഷേപങ്ങൾ 31/03/2023 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ

പ്രതിഫലിച്ചിട്ടില്ല.

മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/9.8.23) നിക്ഷേപ ശീർഷത്തിൽ അക്കൗണ്ട് ചെയ്യുന്നതിൽ പിഴവ് വന്നതാണെന്നും തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി നല്കി. മുൻകൂറുകൾ ക്രമീകരിക്കുമ്പോൾ ജേർണൽ വൗച്ചർ നം./തീയതി, വിനിയോഗ സാക്ഷ്യപത്രം നം./തീയതി എന്നിവ നിർബന്ധമായും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-23 മുൻകൂർ രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-26 ക്ഷീരസാഗരം പദ്ധതി- ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാകാതെ തുക സർക്കാരിലേക്ക് തിരികെ എടുക്കപ്പെട്ടു

2021-22 വാർഷികപദ്ധതിയിൽ (പ്രോജക്ട് നം.84/2022) ഉൾപ്പെട്ടിരുന്ന ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരസാഗരം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി അനുവദിച്ചിരുന്ന തുകയിൽ 6 പേർക്ക് 30000/-രൂപ നിരക്കിൽ നൽകേണ്ടിയിരുന്ന 1,80,000/-രൂപ ഗുണഭോക്താക്കൾക്ക് ലഭിച്ചിരുന്നില്ലായെന്നും തുക സർക്കാരിലേക്ക് തിരികെ എടുക്കപ്പെട്ടുവെന്നും ഇത് സംബന്ധിച്ച് ട്രഷറിയിലും ബാങ്കിലും അന്വേഷണം നടത്തുന്നതിനും വകുപ്പുതല അന്വേഷണത്തിനും പഞ്ചായത്ത് കമ്മറ്റിയും 9-12-2022ലെ 3(2) നമ്പർ തീരുമാനമെടുത്തിരുന്നു. പ്രസ്തുത സബ്സിഡി തുക നഷ്ടമാകുവാനിടയായ സാഹചര്യം വിശദീകരിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ടി തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/10-8-23) മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് ലോണിന് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകിയ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതും തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക, പഞ്ചായത്ത് ഭരണസമിതി 10.07.2023 -ലെ 3(1) നം. തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് വെബ് പോർട്ടൽ മുഖേനയും, സെക്രട്ടറിയുടെ

എ-111/22 നം. കത്ത് പ്രകാരം തപാലിലും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക, 11.08.2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, 31.03.2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം, സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2022-23 | 560,000 | പിഎംഎവൈ ഭവന നിർമ്മാണ പദ്ധതി (ജനറൽ) 48/23 | 560,000 |
| | 2022-23 | 560,000 | പിഎംഎവൈ ഭവന നിർമ്മാണ പദ്ധതി (എസ്സി) 49/23 | 560,000 |
| | ആകെ | 1,120,000 | | 1,120,000 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2022-23 | 784,000 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി (ജനറൽ) (48/23) | 784,000 |
| | 2022-23 | 1,274,000 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി (SC) (49/23) | 1,274,000 |
| | ആകെ | 2,058,000/- | ആകെ | 2,058,000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം, ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | (പ്രോജക്ട് നം.) | നൽകിയ തുക (Rs.) | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 88/23വാകത്താനം ഡിവിഷൻ വിവിധവാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 500000 | 0 | 500000 |
| | 26/23 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വനിതാക്യാന്റീന് വൈദ്യുത കണക്ഷൻ | 31430 | 31430 | 0 |
| | 17/23 വാകത്താനം ഡിവിഷനിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ എസ്റ്റെൻഷൻ | 500000 | 0 | 500000 |
| | 89/23 തോട്ടയ്ക്കാട് ഡിവിഷനിൽ വിവിധ വാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 500000 | 0 | 500000 |
| | 72/23 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റെൻഷൻ | 252709 | 252709 | 0 |
| | ആകെ | 1,784,139/- | 284,139 | 1,500,000 |
| കേരള വാട്ടർ അതോറിറ്റി | 12/23 പായിപ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 1000000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 41/23 പായിപ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ | 360000 | 0 | വിനിയോഗവിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | | |
| | 126/23 വാഴപ്പള്ളി പഞ്ചായത്ത് തുരുത്തി ഡിവിഷനിൽ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 224000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 43/22 തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ചെരുവേലിപ്പടി-പൂക്കാട്ടുപടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 250000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 42/23 തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ചെമ്പുംപുറം പാലക്കുളം ആശാരിമുക്ക് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 380400 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 38/23പായിപ്പാട് ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 552840 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | 27,67,240 /- | 0 | |
| ഭൂജല വകുപ്പ് | 122/23മാടപ്പള്ളി പഞ്ചായത്ത് 3-ാം വാർഡ് കുടിവെള്ള പദ്ധതി | 400000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 161/23 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ | 1635000 | 0 | വിനിയോഗവിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | കുഴൽക്കിണർ നിർമ്മാണം | | | |
| | 85/23പായിപ്പാട് പഞ്ചായത്ത് തയ്യാട് എസ് സി കോളനി കുടിവെള്ള പദ്ധതി | 500000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | 2,535,000/- | 0 | |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

2021-2022 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ് സി വനിതാ പരിശീലന കേന്ദ്രം – നിഷ്ക്രിയ ആസ്തി | |

## 4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം, ചാർജ്/സർചാർജ് നടപടികൾ തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2018-19 | 3-1 | 150,600/- | സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രോജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല. | ശ്രീമതി ചന്ദ്രിക ബി., (സെക്രട്ടറി) കാരയക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഒ., ചങ്ങനാശ്ശേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉൾപ്പെടെ] (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 75,379,767 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 64,252,558 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 73,120,972 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 64,459,491 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,751,328 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 6,926,878 | ശ്രീ.ഷാജി ജേക്കബ്, സെക്രട്ടറി |
| 1-19 | 600,000 | ശ്രീ.സെബാസ്റ്റ്യൻ ഡൊമിനിക്, വ്യവസായ വികസന ഓഫീസർ |
| 1-22 | 247,500 | ഡോ.അനീന സൂസൻ സക്കറിയ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

| | | |
|---|---|---|
| 1-23(1) | 525,000 | ഡോ.അനീന സൂസൻ സക്കറിയ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-23(2) | 451,950 | ഡോ.അനീന സൂസൻ സക്കറിയ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 8,751,328 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/04/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/അദാ /816(13)/18/ 8.5.18 | 4 |
| 1999-00 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 | 9 |
| 2001-02 | നം.എൽ.എഫ്.കെ.പി.15/അദാ /816(4)/18/ 8.5.18 | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770 /13/30.10.13/ 5.11.13 | 4 |
| 2003-04 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 | 3 |
| 2004-05 | നം.എൽ.എഫ്.കെ.പി.15/അദാ /816(6)/18/ 8.5.18 | 2 |
| 2006-07 | നം.എൽ.എഫ്.കെ.പി.15/അദാ/18(8)/18/ | 6 |

| | | |
|---|---|---|
| | 6.5.21 | |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 |
| 2008-09 | നം.എൽ.എഫ്.കെ.പി.15/അദാ /816(9)/18/ 8.5.18 | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 | 5 |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18 | 12 |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18 | 2 |
| 2012-13 | നം.എൽ.എഫ്.കെ.പി.15/അദാ /816(13)/18/ 8.5.18 | 4 |
| 2013-14 | നം.എൽ.എഫ്.കെ.പി.15/അദാ /816(14)/18/ 8.5.18 | 5 |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18 | 1 |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ 8.5.18 | 3 |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.9.2020 | 11 |
| 2017-18 | നം.കെ.എസ്.കെ.ടി.എം.പി.15/126/19/ 15.2.19 | 10 |
| 2018-19 | നം.കെ.എസ്.കെ.ടി.എം.പി.15/1781/19/ 10.10.2022 | 13 |
| 2019-20 | നം.കെ.എസ്.കെ.ടി.എം.പി.15/779/22/ 20.05.2022 | 16 |
| 2020-21 | നം.കെ.എസ്.കെ.ടി.എം.പി.15/780/22/ 24.05.2022 | 26 |
| 2021-22 | നം.കെ.എസ്.കെ.ടി.എം.പി.15/2426/22/ 29.12.2022 | 32 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 03/01 dated 10-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Madappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Madappally Block Panchayat for the year 2022-2023

Date: 15/09/2023

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Madappally Block Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Assets -Assets not classified and Valuated.

2. Non-Disclosure of Capital Contribution- Capital Contribution Register and details not kept.

3. General Fund Details not maintained. Source data not available for the value of Total General fund on 31/03/2023.

**2.Other Observations**

1. Deposits received Register is not kept properly.

2. Advance register not kept properly

3. Amount deposited in various agencies as per annual plan project has not been accounted in Advance account head

4.Capital Work in Progress Details and Register are not kept-Details not disclosed.

5.Prior Period Items are not authorised by Specific Notes on Accounts.

6. Government and Other dues register is not kept

7.Accounting of Depreciation of assets not authorised through calculation sheet and supporting worksheet not maintained

8.Contributions from Gramapanchayaths accounted are not match with actual expenditure. Expenditure from the amount allocated as Grama Panchayath share not seen properly reflected in AFS of Block Panchayath.

Senior Deputy Director
Kerala State Audit Dept.
District Audit Office, Kottayam

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്